8284
13/4/15

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സാമൂഹ്യനീതി വകുപ്പിലെ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള പരിചരണ പദ്ധതിയുടെ തുടർ നടത്തിപ്പിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(ആർ.റ്റി) നം.397/2015/സാനീവ. തീയതി, തിരുവനന്തപുരം, 23.06.2015

==========================================================================

പരാമർശം : കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07.04.2015 ലെ പി3/2708/2015/നമ്പർ കത്ത്.

ഉത്തരവ്

സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള പരിചരണ പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയുടെ തുടർ നടത്തിപ്പിനായി 2015 - 16 സാമ്പത്തിക വർഷ ബഡ്ജറ്റിൽ 2235-60-200-72(06)(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 200 ലക്ഷം രൂപ കേരള സാമൂഹ്യ സുരക്ഷ മിഷന്റെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് നമ്പർ 15146 - ൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശ കത്തു പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിൽ അന്തേവാസികൾക്കുള്ള പരിചരണ പദ്ധതിയുടെ തുടർ നടത്തിപ്പിലേയ്ക്ക് ഭരണാനുമതി നൽകിയും ഇതിനായി 2015 - 16 സാമ്പത്തിക വർഷ ബഡ്ജറ്റിൽ 2235-60-200-72(06)(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 200 ലക്ഷം രൂപ (ഇരുന്നൂറ് ലക്ഷം രൂപ മാത്രം) കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് നമ്പർ 15146 ൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എ. ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ വിഭാഗം, ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി).
പഞ്ചായത്ത് & സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ